പതിനാലാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5385 26.03.2018-ൽ മറുപടിക്ക്

## നെൽവയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരം പഞ്ചായത്തുകളിലെ ഡേറ്റാ ബാങ്ക്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ<br>,, ജി.എസ്.ജയലാൽ<br>,, ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെൽവയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരം എത്ര പഞ്ചായത്തുകളിലാണ് ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ചു വരുന്നു |
| (ബി) എത്ര പഞ്ചായത്തുകളിൽ ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നത് പൂർത്തിയായിട്ടുണ്ട് എന്നറിയിക്കുമോ; | (ബി) | |
| (സി) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലെയും ഡേറ്റാ ബാങ്ക് എപ്പോൾ പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | |
| (ഡി) നിലവിൽ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ച പഞ്ചായത്തുകളിൽ, ആയതിന്മേലുള്ള പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് എന്നറിയിക്കാമോ; | (ഡി) | |
| (ഇ) 2008-ന് മുമ്പ് നികത്തിയതും, വില്ലേജ് റിക്കാർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് വയ്ക്കുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ വീട് വയ്ക്കുന്നതിന് അനുമതി നല്കുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ഇ) | 2008-ന് മുമ്പ് നികന്നു കിടക്കുന്നതും വില്ലേജ് റിക്കാർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി 41/2017-ാം നമ്പർ ഓർഡിനൻസ് മുഖേന 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്തിട്ടുണ്ട്. |
| (എഫ്) ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടിട്ടുള്ള കാര്യങ്ങൾ തിരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ | (എഫ്) | ഡേറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തിരുത്തുന്നതിന് കേരള നെൽവയൽ തണ്ണീർതട സംരക്ഷണ ചട്ടത്തിൽ 30.05.2017-ലെ 301/17-ാം നമ്പർ വിജ്ഞാപനം മുഖേന ഭേദഗതി വരുത്തി തെറ്റുകൾ തിരുത്തുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നു. അപേക്ഷ സമർപ്പിക്കാനുള്ള കാലപരിധി 6 മാസമായിരുന്നു. അത് നവംബർ 30-ന് അവസാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ